- ശമ്പളകമ്മീഷൻ ശുപാർശ അട്ടിമറിക്കപ്പെടുന്നത് ആദ്യം.
- പാർട്ടൈം തസ്തിക മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ളവർക്ക് ഭീമമായ സാമ്പത്തിക നഷ്ടം.
- ഓപ്ഷൻ ഇല്ല, വരാനിരിക്കുന്നത് അപരിഹാര്യമായ വരുമാനനഷ്ടം.
- ഹയർഗ്രേഡ് റേഷ്യോ വെട്ടിക്കുറച്ചു.
- ഫുൾ പെൻഷൻ 25 വർഷമാക്കാനുള്ള ശുപാർശ അട്ടിമറിച്ചു.
- ശുപാർശ ചെയ്ത മാസ്റ്റർ സ്കെയിൽ അട്ടിമറിച്ചു.
- അനോമലി പരിഹാരത്തിന്റെ ഭാഗമായുള്ള സ്കെയിൽ വർദ്ധനയും വെട്ടിക്കുറച്ചു.
- സെക്രട്ടേറിയറ്റ് തസ്തികകൾക്കുള്ള സ്പെഷ്യൽ പേ നഷ്ടപ്പെട്ടു.
- ഒറ്റയടിക്ക് 2000 കോടിയുടെ വെട്ടിക്കുറവ്.
- ശമ്പളസ്കെയിൽ വെട്ടിക്കുറച്ചതു വഴി എല്ലാ തസ്തികകൾക്കും ഭീമമായ സാമ്പത്തിക നഷ്ടം.
- പരമാവധി ആനുകൂല്യം 12000 രൂപയിൽ നിജപ്പെടുത്തി.
- പ്രതിലോമ ശുപാർശകൾ നടപ്പിലാക്കുവാൻ പ്രത്യേക ഉന്നതാധികാര സമിതി.

## ശമ്പളസ്കെയിലുകൾ വെട്ടിക്കുറച്ചു
## ഉമ്മൻചാണ്ടി സർക്കാർ ചെയ്തത് കൊടുംചതി
# സർക്കാർ തീരുമാനത്തിൽ പ്രതിഷേധിക്കുക

സുഹൃത്തുക്കളെ,

ജീവനക്കാരുടെയും അധ്യാപകരുടെയും ഐതിഹാസികമായ ചെറുത്തുനിൽപിനെയും പ്രക്ഷോഭ ത്തെയും പോരാട്ടത്തെയും തുടർന്ന് ശമ്പളകമ്മീഷൻ ശുപാർശ നടപ്പിലാക്കാൻ സർക്കാർ നിർബന്ധിതമായിരിക്കുന്നു. ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത സ്കെയിലുകളെല്ലാം തന്നെ വെട്ടിക്കുറച്ചു കൊണ്ടാണ് സർക്കാർ തീരുമാനമെടുത്തിരിക്കുന്നത്. കമ്മീഷൻ തന്നെ ശുപാർശ ചെയ്തിരിക്കുന്ന സ്കെയിലുകൾ വെട്ടിക്കുറച്ചതുവഴി ഒറ്റയടിക്ക് 2000 കോടിയോളം രൂപയാണ് സർക്കാർ ജീവനക്കാരിൽ നിന്ന് കവർന്നെടുത്തിരിക്കുന്നത്. ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത സ്കെയിലുകൾ വെട്ടിക്കുറയ്ക്കുന്നത് കേരളചരിത്രത്തിൽ ആദ്യമാണ്.

സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് സർക്കാർ തീരുമാനം ഇരുട്ടടിയായിരിക്കുകയാണ്. പതിറ്റാണ്ടുകളായി നാം അനുഭവിച്ചുവരുന്ന സ്പെഷ്യൽ പേ നഷ്ടപ്പെടുകയും അനോമലി പരിഹാരത്തിന്റെ ഭാഗമായി ശുപാർശ ചെയ്യപ്പെട്ട സ്കെയിൽ വർദ്ധന വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഇതുവഴി സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗം തസ്തികകളിൽ നിലനിൽക്കുന്ന അനോമലിക്ക് ഈ പരിഷ്കാരത്തോടെ പരിഹാരമാവുമെന്ന പ്രതീക്ഷയും അസ്ഥാനത്താവുകയാണ്. ഓപ്ഷൻ ഇല്ലാതായതു വഴി വരാൻ പോകുന്ന വിപത്ത് പ്രവചനാതീതമാണ്. പാർട്ടൈം ജീവനക്കാരുടെ തുച്ഛമായ ശമ്പളം പോലും വെട്ടിക്കുറച്ച സർക്കാർ ക്രൂരത സമാനതകളില്ലാത്തതാണ്.

ശമ്പളപരിഷ്കരണത്തിന്റെ അന്തഃസ്സത്ത തന്നെ തകർക്കുന്നതാണ് സർക്കാർ തീരുമാനം. സമഗ്രമായ സേവന വേതന വ്യവസ്ഥകളുടെ ഉടച്ചുവാർക്കൽ നടക്കേണ്ട ശമ്പളപരിഷ്കരണത്തിൽ ജീവനക്കാർ പ്രതീക്ഷിച്ച വർദ്ധന പോലും ലഭിക്കാത്ത സാഹചര്യം ജീവനക്കാർക്ക് നിരാശയാണ് സമ്മാനിക്കുന്നത്. നമ്മുടെ സമ്മർദ്ദത്തെ തുടർന്ന് ശമ്പളപരിഷ്കരണ ഉത്തരവ് പുറത്തിറക്കാൻ സർക്കാർ നിർബന്ധിതമായെങ്കിലും കൊടിയ വഞ്ചനയാണ് സർക്കാർ നടത്തിയിരിക്കുന്നത്. സർക്കാർ വഞ്ചനയ്ക്കെതിരെ പ്രതിഷേധിക്കാനും കവർന്നെടുത്ത ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിനായുള്ള പോരാട്ടത്തിൽ അണിചേരാനും മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത ആനുകൂല്യം പോലും നിഷേധിച്ച സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നടപടിയിൽ പ്രതിഷേധിക്കാൻ മുഴുവൻ ജീവനക്കാരോടും ആഹ്വാനം ചെയ്യുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
21.01.2016

**എം.എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി

visit: www.ksea.in

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848